No. 286 /2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

വളരെ ദുഖത്തോടും, ഹൃദയവേദനയോടും കൂടിയാണ് നാം ഇതെഴുതുന്നത്. കൽക്കട്ടാ മെത്രാസനാധിപനും പ. സഭയിലെ സീനിയർ മെത്രാപ്പോലീത്തന്മാരിൽ ഒരാളുമായ അഭിവന്ദ്യ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗം നമ്മിൽ വളരെ വേദനയുളവാക്കുന്നു. കൽക്കട്ടാ മെത്രാസനത്തിന്റെ വളർച്ചയ്ക്ക് അക്ഷീണം പ്രയത്നിച്ച പിതാവായിരുന്നു അദ്ദേഹം. ഉത്തരഭാരത മിഷന്റെ സ്ഥാപക പിതാവായ ഈ പുണ്യാത്മാവ് അനേകം മിഷൻ പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചു. ഒരു പുരോഹിതനായി ഉത്തരഭാരതത്തിൽ എത്തിയ ആദ്ദേഹത്തിന് വിദ്യാഭ്യാസം, ആരോഗ്യം, എന്നീ മേഖലകളിൽ വളരെ ചുരുങ്ങിയ കാലം കൊണ്ട് വളരെയേറെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. നിരന്തരമായ കഠിനാദ്ധ്വാനവും, അനുഭവ പരിചയവും, പ്രാർത്ഥനയിലൂടെ കൈവരിച്ച ആത്മീയ ചൈതന്യവും കൈമുതലാക്കിക്കൊണ്ടാണ് അഭിവന്ദ്യ പിതാവ് തന്റെ പ്രവർത്തന മേഖലകളിൽ വ്യാപരിച്ചത്. സമൂഹത്തിന്റെ താഴെക്കിടയിലുള്ള ആളുകളുടെയിടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ അവരുടെജീവിതത്തിന് വെളിച്ചം പകരുന്ന വിധത്തിൽ പ്രവർത്തിച്ച ഉത്തമനായ മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. പ്രാർത്ഥനാ ജീവിതം, ലാളിത്യം, ആത്മസംയമനം, നിശബ്ദസേവനം, സാധുക്കളോടുള്ള കരുതൽ എന്നീ സത്ഗുണങ്ങൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്നു. ഉത്തരഭാരതത്തിൽ സഭയ്ക്ക് അഭിമാനകരമായ വിധത്തിൽ മിഷൻ പ്രവർത്തനങ്ങൾ വളർത്തിയെടുക്കുവാൻ അദ്ദേഹം അക്ഷീണംപ്രവർത്തിച്ചു. വികസനം കടന്നുചെല്ലാത്ത ഗ്രാമങ്ങളിൽ നഴ്സറിസകൂളുകൾ, ഹയർസെക്കണ്ടറി സ്കൂളുകൾ തുടങ്ങി ഉയർന്ന നിലവാരമുള്ള കോളേജുകൾ, ഭിലായ് എഞ്ചിനീയറിംഗ് കോളേജ് എന്നിവയും അദ്ദേഹത്തിന്റെ സേവന മേഖലയിലെ സംഭാവനകളാണ്. കൂടാതെ ഉത്തരഭാരത അജപാലന പ്രസക്തി മനസ്സിലാക്കി ഒരു വൈദിക സെമിനാരിക്ക് (നാഗ്പൂർ സെന്റ് തോമസ്) തുടക്കം കുറിച്ചു എന്നത് അദ്ദേഹത്തിന് സഭയോടുള്ള കരുതലിന്റെയും സ്നേഹത്തിന്റെയും ഉത്തമ ഉദാഹരണങ്ങളിൽ ഒന്നു മാത്രമാണ്. അദ്ദേഹത്തിന്റെ വേർപാട് പ. സഭയ്ക്ക് വളരെ നഷ്ടം ഉളവാക്കുന്നതാണ് എങ്കിലും ദൈവഹിതത്തിന് നമുക്ക് കീഴ്പ്പെടാം. പ. സഭ എക്കാലവും അദ്ദേഹത്തെ സ്മരിക്കും. സ്വർഗീയ മഹോന്നതങ്ങളിൽ വിശുദ്ധ മാലാഖാമാരോടും, പൂർവ്വ പിതാക്കന്മാരോടുമൊപ്പം ഈ പിതാവ് ദൈവസന്നിധിയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കും.

വാൽസല്യ മക്കളെ,

കൽക്കട്ട മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിട്ടായിരുന്നുവല്ലോ അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ് പിതാവ് ചുമതല നിർവ്വഹിച്ചുവന്നിരുന്നത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലൂടെ ആ സ്ഥാനം ഒഴിഞ്ഞു കിടക്കുകയാണ്. ആയതിനാൽ മലങ്കര സഭാ ഭരണഘടന 95-ാം വകുപ്പ്

(മറുപുറം)

പ്രകാരം കൽക്കട്ട മെത്രാസനത്തിന്റെ ഭരണം മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നാം ഏറ്റെടുത്തിരിക്കുന്ന വിവരം ഈ കൽപ്പനയിലൂടെ അറിയിക്കുന്നു. എന്നാൽ നമ്മുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിൽ കൽക്കട്ടാ മെത്രാസനത്തിന്റെ ഭരണച്ചുമതല നിർവ്വഹിക്കുന്നതിന് നമ്മെ സഹായിക്കുവാൻ നമ്മുടെ മുബൈ മെത്രാസനത്തിന്റെ ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായെ നമ്മുടെ 287/2007-ാം നമ്പർ കല്പന പ്രകാരം നിയമിച്ച വിവരവും നാം നിങ്ങളെ അിറിയിക്കുന്നു.

അഭിവന്ദ്യ സ്തേഫാനോസ് മാർ തേവോദോസിയോസ് പിതാവിന്റെ സ്വപ്നങ്ങൾ പൂവണിയിക്കുകവഴി അദ്ദേഹത്തോടുള്ള കടമ നമുക്ക് നിർവ്വഹിക്കാം. സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനത്താൽ നിങ്ങൾ ഏവരുടെയും ഹൃദയങ്ങളെ ദൈവം തമ്പുരാൻ നിറക്കട്ടെ!

ശേഷം പിന്നാലെ,

സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് നമ്മുടെ ദൈവമാതാവായ പ. കന്യക മറിയം അമ്മയുടെയും, ഇന്ത്യയുടെ കാവൽ പിതാവായ മാർതോമ്മാ ശ്ലീഹായുടെയും നമ്മുടെ പ. പിതാക്കന്മാരായ മാർ ഗ്രീഗോറിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ

സ്വർഗ്ഗസ്ഥനായ............



**ബസ്സേലിയോസ് മാർത്തോമ്മ ദിദിമൊസ് പ്രഥമൻ**

2007 നവംബർ മാസം 5-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും